


**Volume 07**
**Issue 07**
**10 July, 2016**
**Kaithakalam II**

**Deut 4:32-40**
**Is 4:2-6**
**2Cor 3:4-12**
**Lk 15:11-32**

Rev Bro
**Francis Edakudiyil**

# ദൈവപിതാവിന്റെ കാരുണ്യം

കാരുണ്യവർഷത്തിലെ നന്മകളും ദൈവാനുഗ്രഹങ്ങളും ജീവിതത്തിൽ ഏറ്റു വാങ്ങി നാമെല്ലാവരും ഫലങ്ങൾ നിറഞ്ഞ ഒരു കൈത്താക്കാലത്തിലൂടെ കടന്ന് പോവുകയാണ്. പാവങ്ങളുടെ സുവിശേഷമായ ലൂക്കാ സുവിശേഷത്തിൽ ദൈവപിതാവിന്റെ കാരുണ്യത്തിന്റെ മനോഹരമായ ഒരു മുഖം തിരുവചനങ്ങളിലൂടെ നാം കാണുകയാണ്. ലോകസാഹിത്യത്തിൽ പോലും ഇതിനു സമാനമായ ഒരു കഥയില്ലന്ന് വിശ്വകഥാക്കാരനായ ടോൾസ്റ്റോയി സാക്ഷ്യപ്പെടുത്തിയ ധൂർത്തപുത്രന്റെ ഉപമയാണ് തിരുസഭാ ഇന്ന് പരിചിന്തനത്തിനായി നൽകുന്നത്. മൂന്ന് കഥാപാത്രങ്ങളാണ് ഉപമയിലുള്ളത്. 1. സ്നേഹനിധിയായി കാത്തിരിക്കുന്ന പിതാവ് .2. ധൂർത്തനെങ്കിലും തിരിച്ചുവരുന്ന ഇളയമകൻ. 3. കൂടെയെങ്കിലും പിതാവിനെ മനസ്സിലാക്കാത്ത മൂത്ത മകൻ.

വ്യവസ്ഥകളില്ലാതെ പുത്രനെ സ്നേഹിച്ച പിതാവാണ് ഉപമയിലെ ഒന്നാമത്തെ കഥാപാത്രം. പുത്രനെക്കാൾ ധൂർത്തനാണ് അപ്പൻ. അപ്പൻ ധൂർത്തടിക്കുന്നത് സ്നേഹവും കരുണയുമാണ്. മകൻ ഓഹരി ചോദിച്ചപ്പോൾ നിയമം മറന്ന് സ്നേഹം അനുവർത്തിക്കാൻ പിതാവിന് മടിയുണ്ടായിരുന്നില്ല. പുത്രൻ ചോദിച്ച ഓഹരിയെ സൂചിപ്പിക്കാൻ വി. ലൂക്കാ ഉപയോഗിച്ചിരിക്കുന്ന പദം 'ബിയോസ്' എന്നാണ്. ജീവനെ സൂചിപ്പിക്കുന്ന പദമാണിത്. വഴിതെറ്റുന്ന ഓരോ മകനും മകളും മാതാപിതാക്കളുടെ ജീവനുതന്നെയാണ് വിലപറയുന്നതെന്ന് ഈ ഉപമ വ്യക്തമാക്കിതരുന്നു. എന്നാൽ സ്വന്തം ജീവന് വില പറഞ്ഞ മകനെ കാത്തിരിക്കുന്ന ഒരു പിതാവിനെയാണ് നാമിവിടെ കാണുന്നത്. ജോൺ മിടുക്കനായ ഒരു വിദ്യാർത്ഥിയായിരുന്നു. ഒറ്റ കണ്ണിയായ അവന്റെ അമ്മ അവന്റെ സ്കൂളിലെ പാചകക്കാരിയായിരുന്നു. എല്ലാവരും അവനെ ഒറ്റകണ്ണിയുടെ മകൻ എന്നു വിളിച്ചു കളിയാക്കി. ഇത് അവനിൽ അമ്മയോടുള്ള വെറുപ്പും വിദ്വേഷവും വളർത്തി. പത്താംക്ലാസ് ജയിച്ച ഉടനെ അപമാനം സഹിക്ക വയ്യാതെ അവൻ നാടു വിട്ട്, അമ്മയെ വിട്ട് ദൂരെ ദേശത്തേയ്ക്കു പോയി. അവൻ ജോലിക്കു കയറിയ സ്ഥലത്തെ മുതലാളി അവന്റെ പഠിക്കാനുള്ള കഴിവ് മനസ്സിലാക്കി ജോണിനെ കോളേജിൽ വിട്ട് പഠിപ്പിച്ചു. അനേക വർഷത്തെ പരിശ്രമത്തിനുശേഷം അവൻ അറിയപ്പെടുന്ന ഒരു ഡോക്ടറായി. ഈ കാലയളവിലെല്ലാം അവൻ അമ്മയെക്കുറിച്ച് ചിന്തിക്കുകയോ, അന്വേഷിക്കുകയോ, അമ്മയെക്കുറിച്ച് സംസാരിക്കാനോ പോലും അവൻ ഇഷ്ടപ്പെട്ടില്ല. കുറച്ചു നാളുകൾക്കു ശേഷം അവന്റെ സ്കൂളിന്റെ ആനിവേഴ്സറിക്ക് ഉദ്ഘാടകനായി അവനെ വിളിച്ചു. സ്കൂൾ പരിസരത്തോ മീറ്റിംഗിനോ അമ്മ വരരുത് എന്ന വ്യവസ്ഥയിൽ അവൻ ആനിവേഴ്സറിക്ക് ചെന്നു. ഒറ്റ കണ്ണിയെ കാണാത്തതുകൊണ്ട് പരിപാടിയിലെല്ലാം നന്നായി പങ്കെടുത്തു. വീട് കാണാനുള്ള ആഗ്രഹം കൊണ്ട് തിരിച്ച് വീടിനു മുൻപിലുള്ള വഴിയിലൂടെ ജോൺ കണ്ടത് കാട് പിടിച്ചു കിടക്കുന്ന വീടാണ്. വീടിനു മുൻപിൽ വണ്ടി നിറുത്തിയ ജോണിനെ തിരിച്ചറിഞ്ഞ അയൽക്കാരി വന്ന് അമ്മ ഏതാനും വർഷം മുൻപ് മരിച്ചെന്നും എന്നെങ്കിലും മകൻ വരുമ്പോൾ കുഞ്ഞിന് തരാനായി ഒരു കത്ത് എൽപ്പിച്ചിട്ടുണ്ടെന്നും പറഞ്ഞു. കത്തുമായി അവൻ യാത്ര തുടർന്നു. അവൻ അത് പൊട്ടിച്ചു വായിച്ചു.

ചെറുപ്പത്തിൽ കളിക്കിടയിൽ കമ്പ് കൊണ്ട് തന്റെ മകന്റെ ഒരു കണ്ണ് പോയപ്പോൾ സ്വന്തം കണ്ണ് അവർ മകനുവേണ്ടി ദാനം ചെയ്തതാണ് താൻ ഒറ്റ കണ്ണിയായെന്ന സത്യം അവൾ അതിൽ എഴുതിയിരുന്നു. അപ്പോഴാണ് ജോണിന്റെ കണ്ണുകൾ തുറക്കപ്പെട്ടത്. ഇന്ന് ധാരാളം മാതാപിതാക്കൾ ഉപമയിലെ പി താവിനെപ്പൊലെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി അദ്ധ്വാനിക്കുന്നു. എന്നാൽ മാതാപിതാക്കളുടെ സ്നേഹം തിരിച്ചറിയാൻ സാധിക്കാതെ അവർ അവരുടെ കുറവുകൾ മാത്രം കണ്ട് തിന്മയിലേക്ക് പായുന്ന വാർത്തകൾ ഇന്നത്തെ വാർത്താ മാധ്യമങ്ങളിൽ സ്ഥിരം കാഴ്ചയാണ്.

ഉപമയിൽ പുത്രനെ അതിയായി സ്നേഹിക്കുന്ന കാരുണ്യം നിറഞ്ഞ പിതാവ് എന്തുകൊണ്ട് മകനെ അന്വേഷിച്ച് പോയില്ല എന്ന സംശയം നമ്മുക്കുണ്ടാകാം. ഇതിന് സഭാ പിതാക്കന്മാർ നൽകുന്ന ഉത്തരം മനോഹരമാണ്. പാപിയെ അന്വേഷിച്ച് കണ്ടെത്തി പിതാവിന്റെ സന്നിധിയിൽ തിരിച്ചെത്തിക്കേണ്ട ജോലി ദൈവം ഭരമേൽപ്പിച്ചിരിക്കുന്നത് സഭയേയാണ്. നമ്മുടെ കൺമുൻപിലുള്ള ധൂർത്ത പുത്രനോട് പിതാവിന്റെ ഭവനത്തെക്കുറിച്ച് പറയാനുള്ള ആർജ്ജവമാണ് സഭാ മക്കളായ നമ്മുടെ കരുത്ത്. എന്നാൽ ഇക്കാലത്ത് "പുരോഹിതന്റെ കണ്ണിൽ നിന്ന് പ്രവാചകന്റെ പ്രാവ് പറന്നുപോയി" എന്ന പെരുമ്പടം ശ്രീധരന്റെ വീക്ഷണം നാം ചിന്തയ്ക്ക് വിധേയമാക്കണം. നമ്മുടെ സഹോദരന്മാരാരെയെങ്കിലും തെറ്റായ വഴിയിൽ നീങ്ങുമ്പോൾ കരുണ നിറഞ്ഞ ഹൃദയം കൊണ്ട് അവനെ തൊടാൻ സാധിക്കട്ടെ.

ഉപമയിലെ രണ്ടാമത്തെ കഥാപാത്രമായ ഇളയമകൻ തനിക്ക് കിട്ടിയതെല്ലാം ധൂർത്തടിച്ച് യഹൂദർ സങ്കൽപ്പിക്കാവുന്നതിലും വച്ച് ഏറ്റവും നികൃഷ്ടമായ പന്നിക്കുഴിയിൽ നിപതിക്കുന്നു. ഏത് പറുദീസായേയും പന്നിക്കുഴിയാക്കാൻ പാപത്തിന് കഴിയുമെന്ന് ദൈവം നമ്മെ ഓർമ്മപ്പെടുത്തുന്നു. എത്രയോ നല്ല ദാമ്പത്യബന്ധങ്ങൾ അവിശ്വസ്തതയുടെ പന്നിക്കുഴിയിൽ തകർന്നിട്ടുണ്ട്. മദ്യപാനം എത്രയോ കുടുംബങ്ങളെ പന്നിക്കുഴികളാക്കി മാറ്റിയിട്ടുണ്ട്. എന്നാൽ പാപവഴികളുപേക്ഷിച്ചാൽ പ്രിയപ്പെട്ടവരുടെ ജീവിതത്തെ സ്വർഗ്ഗീയമാക്കാൻ നമുക്കു സാധിക്കും എന്ന് ധൂർത്തപുത്രന്റെ ഭവനത്തിലെ ആനന്ദം നമുക്കു കാണിച്ചുതരുന്നു. പാപവഴികളിൽ നിന്നു തിരിച്ചെത്തിയ വി. ആസ്സിസ്സിയും ആഗസ്റ്റിനോസും മറ്റുള്ളവരുടെ ജീവിതത്തിനു നൽകിയാനന്ദം അവർണ്ണനീയമാണ്. ഇന്ന് നഷ്ടപ്പെട്ടുപോയ മകന്റെ, മകളുടെ, സഹോദരന്റെ, അല്ലെങ്കിൽ കൂട്ടുകാരന്റെ തിരിച്ചുവരവും കാത്ത് അതിനെ ഉത്സവമാക്കാൻ ആഗ്രഹിച്ച അനേകർ കാത്തിരിപ്പുണ്ടെങ്കിൽ നമുക്ക് നമ്മെ തന്നെ ഒന്നു പരിശോധിക്കാം.

ഒരുപാട് നന്മകളുണ്ടെങ്കിലും രക്ഷയിൽ നിന്നു വിദൂരസ്ഥനായി കഴിയുന്നവരുടെ പ്രതിനിധിയാണ് ഉപമയിലെ മൂന്നാമത്തെ കഥാപാത്രമായ മൂത്തമകൻ. അവൻ പകലന്തിയോളം പണിയെടുക്കുന്നവനാണ്. ധൂർത്തടിക്കാത്തവനാണ്. മദ്യപിക്കാത്തവനാണ്. അനുസരണയുള്ളവനു ആണ്. എണ്ണിയാൽ ഒടുങ്ങാത്ത നന്മകൾക്ക് ഉടമയാണ്. എന്നിട്ടും സംതൃപ്തിയില്ലാത്ത ജീവിതം. സ്വന്തമെന്ന് കരുതുന്ന നന്മകളുടെ തടവറ ചിലപ്പോൾ തിന്മയുടെ പന്നിക്കുഴിയെക്കാൾ ഭീകരമാണ്. കരയാനായ് കുറവുകളൊന്നും കാണാത്തവന് രക്ഷ എന്നും അകലെയായിരിക്കും. അനുതപിക്കാത്ത നീതിമാനെക്കാളും അനുതപിക്കുന്ന പാപിയെക്കുറിച്ച് സന്തോഷിക്കുന്ന സ്വർഗ്ഗീയ പിതാവിന്റെ മുഖം നമുക്ക് ധ്യാനിക്കാം. നമ്മുടെ കുറവുകളെ ഏറ്റു പറഞ്ഞ് നന്മകൾക്കൊപ്പം ദൈവത്തിന് സമർപ്പിക്കാം.

സ്നേഹമുള്ളവരെ ധൂർത്തപുത്രന്റെ ഉപമ ഒരു ഓർമ്മപ്പെടുത്തലാണ്. പിതാവിന്റെ സ്നേഹത്തിൽ നിന്ന് അകന്നുപോകുന്ന ഇളയമകനും പിതാവിന്റെ സ്നേഹം തിരിച്ചറിയാത്ത മൂത്തപുത്രനും ഇന്നും നമ്മുടെയിടയിലെ കഥാപാത്രങ്ങളാണ്. ദൈവകരുണയെ ധ്യാനവിഷയമാക്കുന്ന ഈ കാലഘട്ടത്തിൽ ദൈവത്തിന്റെ സ്നേഹവും കരുണയും തിരിച്ചറിയാതെ പോകുന്നതാണ് നമ്മുടെ പരാജയം. വിശുദ്ധ കുർബ്ബാനയിലൂടെ ദൈവത്തിന്റെ കരുണയും സ്നേഹവും നമ്മുടെ ജീവിതത്തിൽ നിറയ്ക്കാം. അതിനായ് ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.